പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2904 07.02.2018-ൽ മറുപടിക്ക്

## പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. 29.06.2017-ലെ സ.ഉ (കൈ)നം.39/2017/പൊ.മ.വ പ്രകാരം റോഡ് പരിപാലന വിഭാഗം രൂപീകരിച്ച് ഒരു ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇത് ഇന്ത്യയിൽ ആദ്യമായാണ്. ചില പാശ്ചാത്യ രാജ്യങ്ങളിലും യു.എസ്.എ-യിലും ഉണ്ട്. |
| (ബി) അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജമാക്കിയത് എന്നതിന്റെ വിശദാംശം നൽകുമോ?- | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൽ നിന്നും SLTF, ശബരിമല വർക്കുകൾ എന്നിവ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ അറ്റകുറ്റപണികൾ, ഭൂമിക്രമീകരിക്കൽ, ത്വരിതഗതിയിൽ നടപ്പിലാക്കൽ, പൂർത്തീകരിക്കൽ എന്നിവ വിലയിരുത്തുന്നതിന് റോഡ് പരിപാലന വിഭാഗത്തിൽ നിന്നും തുടർച്ചയായി ടി റോഡുകൾ പരിശോധിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദ വിവരം യഥാസമയം അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാറിലെ മൂന്ന് ജില്ലകളുടെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതു പരിശോധിച്ച് മേൽ നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ